(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സമർപ്പിക്കാൻ ബാക്കിയുള്ള എല്ലാ റിപ്പോർട്ടുകളും നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ തന്നെ സമർപ്പിക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട് ; 2003-04 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2004-05 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ട്.

(ബി) പ്രോഗ്രാം ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് അടിയന്തരമായി ചില ജോലികളിൽ വ്യാപൃതമായതിനാലാണ് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ സാധിക്കാതിരുന്നത്.

(സി) കുടിശ്ശികയുള്ള 2004-05 മുതൽ 2008-09 വരെയുള്ള റിപ്പോർട്ടുകൾ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിൽ ലഭ്യമിക്കിയിട്ടുണ്ട്. ആയതു നിയമസഭയിൽ സമർപ്പിക്കുന്നതിന് മുന്നോടിയായുള്ള പരിശോധനകൾ നടത്തിവരികയാണ്. 2009-10-ലെ റിപ്പോർട്ട് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ട്

162 (1632) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2010 വരെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിങ്ങിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ റിപ്പോർട്ടുകളുൾപ്പെട്ട സമാഹൃത റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) നിയമപ്രകാരം യഥാസമയം സമാഹൃത റിപ്പോർട്ട് സഭയിൽ വയ്ക്കാൻ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly